പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3413 — 14.03.2018 -ൽ മറുപടിക്ക്.

## പെട്രോളിയം,പാചക വാതകം എന്നിവയുടെ വിലവർദ്ധന

| ചോദ്യം<br>**ശ്രീ.എം. രാജഗോപാലൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2016 മെയ് മാസത്തിനുശേഷം സംസ്ഥാനത്ത് പെട്രോളിയം ഉൽപന്നങ്ങൾക്കും പാചക വാതകത്തിനും എത്ര ശതമാനം വില ഉയർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 2016 മെയ് മാസത്തിനുശേഷം മോട്ടോർ സ്പിരിറ്റിന് 15.4% വും ഹൈസ്പീഡ് ഡീസലിന് 23.8% വും വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 01.05.2016 മുതൽ 14.2 കിലോഗ്രാം എൽ.പി.ജി സിലിണ്ടറിന്റെ വില 548/- രൂപയായിരുന്നു. അർഹതയുള്ള ഉപഭോക്താക്കൾക്ക് 100.84/- രൂപ സബ്സിഡിയിനത്തിൽ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ടി കാലയളവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് 447.16/- രൂപയ്ക്ക് എൽ.പി.ജി സിലിണ്ടർ ലഭ്യമായിട്ടുണ്ട്. എന്നാൽ 01.03.2018 മുതൽ 14.2 കിലോഗ്രാം എൽ.പി.ജി സിലിണ്ടറിന്റെ വില 685.5/- രൂപയും സബ്സിഡി ഇനത്തിൽ 185.91 രൂപയുമാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് 499.59/- രൂപയ്ക്ക് എൽ.പി.ജി സിലിണ്ടർ ലഭ്യമാകുന്നു. |
| (ബി) ഈ സർക്കാർ കാലയളവിൽ ഇതിനുമുമ്പ് എപ്പോഴൊക്കെ ഇവയ്ക്ക് വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) 2016 മെയ് മാസം മുതൽ 06.03.2018 വരെ 294 പ്രാവശ്യം പെട്രോളിയം ഉൽപന്നങ്ങൾക്ക് വില വ്യത്യാസം വന്നിട്ടുണ്ട്. 08.06.2017 വരെയുള്ള കാലയളവിൽ രണ്ടാഴ്ചയിലൊരിക്കൽ ആണ് വിലവ്യത്യാസം വന്നിട്ടുള്ളത്. എന്നാൽ 09.06.2017 മുതൽ പെട്രോളിയം ഉൽപന്നങ്ങളുടെ വിലയിൽ എല്ലാ ദിവസവും വ്യത്യാസം വന്നിട്ടുണ്ട്. ഗാർഹിക എൽ.പി.ജി സിലിണ്ടറുകളുടെ വിലയിൽ എല്ലാ മാസവും വ്യത്യാസം വരാറുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**